II ഇ.ബി. XIII- കേരള നിയമസഭ/XI- 15

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂൺ 27, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

49 (*421) <u>അറവുശാലകളുടെ ശാസ്ത്രീയ ഉപയോഗം</u>

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) നൽകിയ മറുപടിയിൽ, 1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന് അനുബന്ധമായി ചേർത്തിട്ടുള്ള 3–ാം പട്ടികയിലെ പതിനൊന്നാമത്തെ ഇനമായ മൃഗങ്ങളുടെ കശാപ്പ്, മാംസം വിൽപ്പന തുടങ്ങിയവയുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്തിട്ടുള്ള 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിൽ അറവുശാലകളുടെ സ്ഥാപനം, അവിടെ മൃഗങ്ങളെ കശാപ്പു ചെയ്യേണ്ട രീതി, അറവ് മൃഗങ്ങളുടെ പരിശോധന, രോഗമില്ലെന്ന് ഉറപ്പുവരുത്തൽ, ജലലഭ്യത, മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിങ്ങനെ അടിസ്ഥാന സൗകര്യങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കേരളത്തിന് യോജിച്ച രീതിയിലുള്ള അറവുശാലകളുടെ

മോഡൽ ഉണ്ടാക്കാനും ഗ്രാമപഞ്ചായത്തുകളെക്കൊണ്ട് ഇതിന് ആവശ്യ മായ പദ്ധതി തയ്യാറാക്കി നടപ്പിലാക്കാനുമുള്ള സാങ്കേതിക സഹായം, സാങ്കേ തികാനുമതി എന്നിവ ശുചിത്വ മിഷൻ വഴി നൽകിവരുന്നുണ്ട്. ഇതിനായി മിനി/ടൈനി എന്നീ രണ്ട് മോഡലുകൾ കണ്ടെത്തുകയും പത്തോളം ഗ്രാമപ ഞ്ചാത്തുകളിൽ ഇവയുടെ നിർമ്മാണം അവസാന ഘട്ടത്തിലെത്തിയിരിക്കുക യുമാണ്. ഈ പദ്ധതിക്ക് നൂറ് ശതമാനവും സാമ്പത്തിക സഹായം നൽകാൻ സർക്കാർ സന്നദ്ധമാണ്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആധുനിക അറ വുശാല സ്ഥാപിക്കുക എന്ന സർക്കാർ നയമനുസരിച്ച് സംസ്ഥാനത്ത് നിലവി ലുള്ള 34 അംഗീകൃത അറവുശാലകൾക്ക് പുറമെ 18 ഗ്രാമപഞ്ചായത്തു കളിൽക്കൂടി ഇവ നിർമ്മിക്കുന്നതിനായി സാമ്പത്തിക സഹായവും ശുചിത്വ മിഷൻ മുഖേന സാങ്കേതിക സഹായവും നൽകിവരുന്നു. ഇതിന് പുറമെ സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി അറവുശാലകൾ സ്ഥാപി ക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങളുടെ എതിർപ്പും അനുയോ ജ്യമായ 50 സെന്റ് സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടും അറവുശാല നിർമ്മാണത്തിന് തടസ്സമാണെന്നതിനാൽ ഏതാനും പഞ്ചായത്തുകൾ ചേർന്ന് പൊതുവായി ഒരു അറവുശാല നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സ്വീകാര്യമാണ്. ഇതിനായി സാമാജികരുടെ സഹായത്തോടെ സ്ഥലം കണ്ടെത്താൻ ശ്രമിക്കുന്നതാണ്. ഗ്രാമപഞ്ചായത്തുകളിൽ നവീന അറവുശാല കൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും ബോധ വൽക്കരണ പ്രവർത്തനം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കു ന്നതിന് ശുചിത്വമിഷനെ നോഡൽ ഏജൻസിയായി നിയോഗിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന 298 അറവുശാലകളിൽ 248 എണ്ണത്തിന്റെ പ്രവർത്തനം നിറുത്തിവയ്ക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ നോട്ടീസ് നൽകുകയും 20 അനധികൃത അറവുശാലകൾക്കെതിരെ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആനിമൽ ഹസ്ബന്ററി വകുപ്പുമായി ചേർന്ന് തയ്യാറാക്കിയ ലഘുലേഖ ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്ത് അറവുശാലകളിലെ ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്. അറവുശാലകളിൽനിന്നുള്ള അവശിഷ്ടങ്ങൾ മത്സ്യങ്ങളുടേയും നായകളുടേയും തീറ്റ നിർമ്മാണത്തിനും ഫാർമസ്യൂട്ടിക്കൽ ഉത്പന്നങ്ങളടക്കമുള്ള ഉപോത്പന്നങ്ങളുടെ നിർമ്മാണത്തിനും ഉപയോഗിച്ച് വരുമാനാധിഷ്ഠിത സംവിധാനമുണ്ടാക്കാൻ സാധിക്കുന്നതുമാണ്. അറവുശാലകളുടെ ഇപ്പോഴുള്ള സ്ഥിതിയിൽ നിന്നും മാറ്റം വരുത്തുന്നതിന് ഇൻഫർമേഷൻ, എഡ്യൂക്കേഷൻ, കമ്മ്യൂണിക്കേഷൻ (ഐ.ഇ.സി) എന്നിവയിലൂടെ മാത്രമേ സാധിക്കുകയുള്ളുവെന്നും ഇക്കാര്യങ്ങൾ അതാത് നിയോജകമണ്ഡലങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് സാമാജികർ താത്പര്യമെടുക്കണമെന്നും അറവുശാലകളുടെ പ്രവർത്തനം സംബന്ധിച്ച് സുപ്രീം കോടതി നിർദ്ദേശ പ്രകാരം നിയമിച്ച കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും അറവുശാലയിൽനിന്നുള്ള മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

50(*422) <u>ബാലാവകാശ കമ്മീഷൻ ഓൺലൈൻ നിരീക്ഷണ സംവിധാനം</u>

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വിദ്യാഭ്യാസാവകാശ നിയമത്തിലെ 31-ാം വകുപ്പ് പ്രകാരം കുട്ടികൾക്കുള്ള വിദ്യാഭ്യാസ അവകാശം നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനായി സംസ്ഥാനത്ത് ബാലാവകാശ കമ്മീഷന്റെ ഓൺലൈൻ നിരീക്ഷണ സംവിധാനം നിലവിൽ വന്നിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കമ്മീഷനിൽ പ്രവർത്തിച്ചുവരുന്ന ആർ.ടി.ഇ. നിരീക്ഷണസെല്ലിലേയ്ക്ക് www.kescpcr.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന പ്രവേശിക്കാൻ സാധിക്കുന്നതും ഇതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള IT@-school -ന്റെ സഹായത്തോടെ "നിരീക്ഷണ" (www.nireekshana.org.in) എന്ന പേരിൽ ഒരു ഓൺലൈൻ നിരീക്ഷണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വിനിയോഗിക്കാൻ കഴിയുന്ന ഈ സൗകര്യം ഉപയോഗിച്ച് വിദ്യാഭ്യാസ അവകാശനിയമവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കാനും പരാതി നൽകാനും കഴിയും. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്കു പരാതിയുടെ സ്വഭാവമനുസരിച്ച് ഓൺലൈനായി അയച്ചു കൊടുക്കുകയും അതിന്മേലുള്ള റിപ്പോർട്ട് സമയബന്ധിതമായി ഓൺലൈനായി വാങ്ങുകയും ഇങ്ങനെ ലഭിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് പരാതി തീർപ്പാക്കുകയോ കൂടുതൽ അന്വേഷണവും, തെളിവെടുപ്പും ആവശ്യമായ കേസുകളിൽ തുടരന്വേഷണം നടത്തി പരാതി പരിഹാരത്തിനു ശ്രദ്ധിക്കുകയും ബന്ധപ്പെട്ട അധികാരസ്ഥാനത്തേയ്ക്കു ശുപാർശ നൽകുകയുമാണ് ചെയ്യുന്നത്. ഇതിന്മേലുള്ള തുടർ

നടപടികളും ഓൺലൈനായി തന്നെ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. ഇതിനു ഏർപ്പെടുത്തിയിട്ടുള്ള "സംവാദം" എന്ന ഓൺലൈൻ ചാറ്റിംഗ് സംവിധാനത്തിലൂടെ ഓഫീസ് പ്രവർത്തന സമയത്ത് ബന്ധപ്പെട്ട ഉദ്യോഗ സ്ഥനോട് ചാറ്റിങ്ങിലൂടെ സംശയ നിവാരണം വരുത്തുന്നതിനും നിർദ്ദേശ ങ്ങൾ തേടുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ആശയവിനിമയത്തിനായി ഫെയ്സ്ബുക്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് 2011 ഏപ്രിൽ മാസം നടപ്പിലാക്കിയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിന് നിരീക്ഷണ സൂചക ങ്ങളും (Monitoring Indicators-Static indicators) പദ്ധതിയുടെ വാർഷികാ വലോകനം സാധ്യമാക്കുന്നതിന് ഡൈനാമിക് ഇൻഡിക്കേറ്റേഴ്സും (31 എണ്ണം) "നിരീക്ഷണയിൽ" ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ അവകാശം സംബന്ധിച്ച പരാതികളിന്മേൽ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള കമ്മീഷനുകൾ സി.പി.സി.ആർ. ആക്ട്, 2005, ആർ.ടി.ഇ. ആക്ട്, 2009 എന്നിവ പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് അന്വേ ഷണ വിചാരണ നടത്തി പരിഹാരം നൽകുന്നതും കമ്മീഷന് പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളിൽ ബന്ധപ്പെട്ട അധികാര സ്ഥാനത്തേയ്ക്ക് ശുപാർശ നൽകുന്നതുമായ സമ്പ്രദായമാണ് സ്വീകരിച്ചുവരുന്നത്. കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് കമ്മീഷനിൽ രൂപീകരിച്ചിട്ടുള്ള പോക്സോ സെല്ലിന്റെ പ്രവർത്തനത്തിന് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ ലൈംഗികാതിക്രമ കേസ്സുകളുടെ വിചാരണ വേഗത്തിലാക്കുന്നതിന് തിരുവനന്തപുരത്തും കോഴിക്കോടും

ഫാസ്റ്റ് ട്രാക്ക് കോടതികൾ സ്ഥാപിക്കുന്നതാണ്. കുട്ടികളുടെ ആധിക്യം കണക്കിലെടുത്ത് പുതിയ ജുവനൈൽ ഹോമുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. 'ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ' എന്ന പദ്ധതിയിലൂടെ മാനസിക സംഘർഷം അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് കൗൺസലിംഗ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജെ.ജെ. ആക്ടിന്റെ പരിധിക്കുള്ളിൽ നിന്ന് പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപന ങ്ങളുടെ സഹായത്തോടെ ആദിവാസി കുട്ടികളുടെ സംരക്ഷണത്തിന് സംവിധാനമേർപ്പെടുത്തുന്നതിനെക്കുറിച്ചും കുട്ടികൾ നേരിടേണ്ടിവരുന്ന വിവിധ സാഹചര്യങ്ങളെക്കുറിച്ച് സ്കൂൾ തലത്തിൽ അവബോധം സൃഷ്ടി ക്കുന്നതിനുള്ള പദ്ധതിയെക്കുറിച്ചും ആലോചിക്കുന്നതാണെന്നും കുട്ടിക ളുടെ കലാകായിക വിനോദങ്ങൾക്ക് വിലക്കേർപ്പെടുത്തുന്നതായ പരാതിക ളിൽ വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്ന താണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

51(*423) <u>പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകു പ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഉപദേശക സർവ്വീസും, തീറ്റപ്പുൽ കൃഷി വിക സന പദ്ധതി, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി, ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണം, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, സമഗ്ര ക്ഷീരവികസന പദ്ധതി, ക്ഷീരഗ്രാമം പദ്ധതി എന്നിവയാണ് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീര വികസന വകുപ്പ് മുഖേന നടപ്പാക്കി വരുന്ന

പ്രധാന പദ്ധതികളെന്ന് സഭയെ അറിയിച്ചു. കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര/സംസ്ഥാന ഗവൺമെന്റു കളുടെ ധനസഹായത്തോടുകൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. തീറ്റപ്പുൽക്കൃഷി വികസന പരിപാടികൾ നടപ്പിലാക്കുക, പാലിന്റെ അടിസ്ഥാന വില പിടിച്ചു നിർത്തുന്നതിൽ മുഖ്യമായ പങ്ക് വഹിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളെ ശാക്തീകരിക്കുക, പുതിയ ഡയറി യൂണിറ്റുകൾ നടപ്പിലാക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾക്ക് പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പദ്ധതി നടപ്പിലാക്കുക, പാൽ ഗുണനിലവാര പരിശോധനാ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക, കർഷകർ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റ സബ്സിഡി അനുവദിക്കുക, പാലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുക, കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് പരമാവധി വിലയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുക, ക്ഷീരോൽപ്പാദക മേഖലകളിൽ കർഷകരെ നിലനിർത്തുക, പാൽ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നിവയാണ് സംസ്ഥാനത്തിന്റെ പാലുൽപ്പാദന വർദ്ധനവിനായി മിൽമ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി പ്രകാരം അന്യസംസ്ഥാനത്തുനിന്നും മേൽത്തരം പശുക്കളെ/കിടാരികളെ വാങ്ങി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി അനുവദിക്കുന്നതോടൊപ്പം കാലിത്തൊഴുത്ത് നിർമ്മാണത്തിനും കറവയന്ത്രം വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നുണ്ട്. ക്ഷീരസഹകരണ സംഘങ്ങളുടെ നവീകരണം എന്ന പദ്ധതി മുഖേന ക്ഷീരസഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുകയും പാൽ സംഭരണവും വിപണനവും കൂടുതൽ വിപുലമാക്കുകയും ചെയ്യുവാൻ സംഘങ്ങളെ സഹായിച്ചുവരുന്നു. എല്ലാ ജില്ലകളിലും

പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ, സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ഡയറി ലാബുകൾ എന്നിവ മുഖേന അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെയും, ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ ക്ഷീര സംഘങ്ങൾ ശേഖരിക്കുന്ന പാലിന്റെയും ഗുണനിലവാരം പരിശോധിക്കുന്നുണ്ട്. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിരിക്കുന്ന തുക മൂലധന നിക്ഷേപമായി സ്വീകരിച്ച് ക്ഷീര വികസന ബാങ്ക് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. മാട്ടുപ്പെട്ടി ഫാമിൽനിന്നും അത്യുത്പാദനശേഷിയുള്ള ജേഴ്സി പശുക്കളെ സംസ്ഥാനത്തെ കർഷകർക്ക് വിതരണം ചെയ്ത് പാലുത്പാദനം വർദ്ധിപ്പിക്കാൻ സംവിധാനമേർപ്പെടുത്തുന്നതാണെന്ന് ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4616 മുതൽ 4930 വരെയുള്ള ചോദ്യങ്ങളിൽ 96 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)